# അക്കാദമിക മാസ്റ്റർപ്ലാൻ

സ്കൂളിന്റെ പേര്: വാത്തികുളം എൽ.പി.എസ്.

തെക്കേക്കര പഞ്ചായത്ത്

മാവേലിക്കര ഉപജില്ല

2025-2026

---

## ഉള്ളടക്കം

- ആമുഖം • പ്രവർത്തന കലണ്ടർ
- ശ്രദ്ധ • ഡയറി (സംയുക്ത / സ്വതന്ത്ര)
- പാട്ടരങ്ങ് • റീഡേഴ്സ് തീയേറ്റർ
- കുട്ടിപ്പത്രം • രചനോത്സവം
- വായനോത്സവം : ഭാഷോത്സവം • ഗണിതക്കേളികൾ
- ഗണിത പരീക്ഷണ കിറ്റുകൾ
- ലഹരി പ്രോജക്ട് • രക്ഷിതാക്കൾക്ക് ശില്പശാല
- വിജയസ്പർശം (പഠനോത്സവം)
- ദിനാചരണങ്ങൾ • വിദ്യാരംഗം • കലോത്സവം
- ശാസ്ത്രമേള • പ്രവൃത്തിപരിചയമേള
- സാമൂഹ്യശാസ്ത്രമേള
- പാനീയമേള • ഭക്ഷ്യമേള • പലഹാരമേള
- കായികമേള • ബോധവത്ക്കരണ ക്ലാസ്സ്
- ആരോഗ്യ പരിശോധനാ ക്യാമ്പുകൾ

# ആമുഖം

മാവേലിക്കര താലൂക്കിലെ തെക്കേക്കര പഞ്ചായത്തിലെ വാത്തികുളം എൽ. പി. എസ് ശതാബ്ദി പിന്നിട്ട വിദ്യാലയ മുത്തശ്ശിയാണ്.

1905 ൽ തെക്കേക്കര, വാത്തികുളം പ്രദേശത്തെ കുഞ്ഞുങ്ങൾക്കായി അനൗപചാരിക വിദ്യാഭ്യാസം ആരംഭിച്ചിരുന്നു. അതിനായി മുൻകൈ എടുത്തത് ആലുംമൂട്ടിൽ കുടുംബാംഗങ്ങളായിരുന്നു. ആദ്യകാലങ്ങളിൽ നിലത്തെഴുത്ത് പരിശീലനമാണ് തുടങ്ങിയത്. കുടുംബാംഗങ്ങളിൽ ചിലർ ഇതിന് നേതൃത്വം നല്കി വന്നു.

കാലക്രമേണ വീട്ടുമുറ്റത്ത് ഷെഡ് കെട്ടി കുട്ടികളെ നിലത്തിരുത്തി വിദ്യാഭ്യാസം തുടർന്നു. അന്നത്തെ അധ്യാപകർക്ക് ഇതിനായി ശമ്പളമോ മറ്റ് ആനുകൂല്യങ്ങളോ ഉണ്ടായിരുന്നില്ല. കുറച്ചു കാലങ്ങൾക്കു ശേഷം സർക്കാരിൽ നിന്നും ചെറിയ ഒരു തുക അധ്യാപകർക്ക് ലഭിക്കുകയും നിലത്തെഴുത്ത് മാത്രമായി നടത്തിയ പ്രസ്തുത വിദ്യാലയം 'ഗ്രാന്റ് സ്കൂൾ' ആയി ഉയർത്തുകയും ചെയ്തു.

1915 ൽ ഈ വിദ്യാലയം ഇന്നു സ്ഥിതി ചെയ്യുന്ന സ്ഥലത്ത് നല്ല കെട്ടിടമായി ആരംഭിച്ചു. ഈ പ്രദേശത്തുള്ള എല്ലാ ജനങ്ങൾക്കും അവരുടെ പ്രാഥമിക വിദ്യാഭ്യാസം ഇവിടെ നടത്തുവാൻ സാധിച്ചു. മാനേജർ പുതിയ അധ്യാപകരെ നിയമിക്കുകയും വളരെ നല്ലരീതിയിൽ സ്കൂൾ മുന്നോട്ടു പോവുകയും ചെയ്യുന്നു.

1991 - ൽ അന്നത്തെ മാനേജരായിരുന്ന ശ്രീ. ശമുവേൽ സാർ സ്കൂൾ അലുംമൂട്ടിൽ കുടുംബാംഗമായ ശ്രീ. ജോർജ്ജ് കോശിക്ക് വിൽക്കുകയും ഇപ്പോഴും ശ്രീ. ജോർജ്ജ് കോശിയുടെ കുടുംബാംഗങ്ങളുടെ പേരിൽ സ്കൂൾ തുടരുന്നു.

മാവേലിക്കര ഉപജില്ലയിലെ തെക്കേക്കര പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ഈ വിദ്യാലയം മികച്ച രീതിയിൽ മുന്നോട്ടു പോകുന്നു. ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ അതിപ്രസരവും മറ്റും ഈ സ്കൂളിലെ കുട്ടികളുടെ എണ്ണത്തെ ഗണ്യമായി ബാധിച്ചിട്ടുണ്ട്. എങ്കിലും മുൻപിൽ എത്തുന്ന ഓരോ കുട്ടിയെയും സ്വന്തം കുട്ടികളായി കണ്ട് പെരുമാറുന്നതിനും ഓരോരുത്തരിലും അന്തർലീനമായിരിക്കുന്ന കഴിവുകൾ തിരിച്ചറിഞ്ഞ് അതിൽ അവരെ പ്രഗത്ഭരാക്കുന്നതിനും ഉപജില്ലാ വിദ്യാരംഗം, കലോത്സവം, ശാസ്ത്ര- പ്രവൃത്തി പരിചയമേള, കായികമേള എന്നിവയിൽ പങ്കെടുപ്പിച്ച് വിജയികളാക്കുന്നതിനും സാധിക്കുന്നു. കഴിഞ്ഞ 15 വർഷമായി ഉപജില്ലാ കലോത്സവത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നിലനിർത്തുവാൻ ഈ സ്കൂളിനു സാധിച്ചിട്ടുണ്ട്. 13 വർഷമായി പ്രവൃത്തി പരിചയമേളയിലും ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി വരുന്നു. ഈ വിദ്യാലയത്തിലെ കുഞ്ഞുങ്ങളെ ഇതിനെല്ലാമായി പരിശീലിപ്പിക്കുന്നത് ഇവിടുത്തെ അധ്യാപികമാർ തന്നെയാണ്.

2024 ലെ LSS പരീക്ഷയിൽ 2 കുട്ടികൾക്കും 2023 ലെ LSS പരീക്ഷയിൽ ഒരു കുട്ടിക്കും

സ്കോളർഷിപ്പു ലഭിച്ചു.

പ്രീപ്രൈമറി ക്ലാസ്സുകൾ പിടിഎ യുടെ നേതൃത്വത്തിൽ നടന്നു വരുന്നു. 1-4 വരെ ക്ലാസ്സുകളിലായി 30 കുട്ടികൾ പഠിക്കുന്നു. 4 അധ്യാപികമാരും ഇവിടെ സേവനം ചെയ്തു വരുന്നു.

ശ്രീമതി. ഷേർലി തോമസ് ഹെഡ്മിസ്ട്രസ്സായും

ശ്രീമതി. മഞ്ജുഷ.വി., ശ്രീമതി. അനുബീഗം.എ., ശ്രീമതി. ഷെറീനബീഗം.H. എന്നിവർ അധ്യാപികമാരായും പ്രവർത്തിച്ചു വരുന്നു.

നിലവിലെ സാഹചര്യത്തിൽ നിന്നും കുട്ടികളുടെ എണ്ണം ഉയർത്തി, ഈ പ്രദേശത്തെ എല്ലാ വിഭാഗത്തിലും പെട്ട കുഞ്ഞുങ്ങൾക്ക് മികവാർന്ന വിദ്യാഭ്യാസവും സർഗാത്മക കഴിവുകളുടെ വളർച്ചയും ഉണ്ടാകുവാനും ഈ ഗ്രാമീണ മേഖലയിൽ നിന്നും നന്മയുള്ള, മനുഷ്യത്വമുള്ള ഭാവി പൗരന്മാരായി ഇവിടുത്തെ കുഞ്ഞുങ്ങൾ മാറുവാനും ഞങ്ങൾ ആഗ്രഹിക്കുന്നു. അതിനായി അക്ഷീണം പ്രയത്നിക്കുന്നു.

ഈ ദർശനം തിരിച്ചറിഞ്ഞ് ധാരാളം കുഞ്ഞുങ്ങൾ ഇവിടെ പഠനത്തിനായി കടന്നു വരുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

## പ്രവർത്തന കലണ്ടർ [മെയ് മുതൽ മാർച്ച് വരെ]

അടുത്ത അധ്യയന വർഷം (2025- 2026) സ്കൂളിന്റെ പ്രവർത്തനങ്ങളെ ക്രോഡീകരിച്ച് നടത്തുന്നതിനായി SRG കൺവീനറിന്റെ നേതൃത്വത്തിൽ ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കി.

പഠനപ്രവർത്തനങ്ങൾക്കു പുറമെ നടത്തുന്ന എല്ലാ പ്രവർത്തനങ്ങളും ഈ കലണ്ടറിൽ

രേഖപ്പെടുത്തിയിരിക്കുന്നു.

## ശ്രദ്ധ [ജൂൺ മുതൽ ഫെബ്രുവരി വരെ]

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുഞ്ഞുങ്ങളെ മുഖ്യധാരയിൽ എത്തിക്കുവാൻ നടത്തുന്ന പ്രവർത്തനമാണ് ശ്രദ്ധ. ഇതിനായി ജൂൺ മാസം തന്നെ പിന്നാക്കക്കാരെ കണ്ടെത്തുന്നതിനും ഗവൺമെന്റ് നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പഠനപ്രവർത്തനങ്ങൾ ജൂൺ മുതൽ തന്നെ ആരംഭിക്കുവാനും തീരുമാനിച്ചു. മുൻവർഷങ്ങളിൽ നടത്തിയ ശ്രദ്ധ പ്രവർത്തനം നല്ല ഫലവത്തായിരുന്നു. വായനയിലും ലേഖനത്തിലും മികവു പുലർത്താൻ കുട്ടികൾക്കു സാധിക്കുന്നുണ്ട്.

## ഡയറി (സംയുക്ത / സ്വതന്ത്ര) [ജൂൺ മുതൽ മാർച്ച് വരെ]

1,2 ക്ലാസ്സുകളിലെ കുട്ടികൾ രക്ഷിതാവിനോടൊപ്പം സംയുക്തമായി ചെയ്യുന്ന ഡയറിയെഴുത്താണ് സംയുക്ത ഡയറി. കുഞ്ഞുങ്ങൾ അവരുടെ സ്വതന്ത്രമായ ശൈലിയിൽ ചിത്രത്തിന്റെ സഹായത്തോടെയാണ് ഈ പ്രവർത്തനം ചെയ്തു വരുന്നത്.

3,4 ക്ലാസ്സുകളിലെ കുട്ടികൾക്ക് അല്പം കൂടി ഭാഷാപ്രയോഗജ്ഞാനം ഉളളതിനാൽ അവർ സ്വതന്ത്രമായി ഡയറി എഴുതുന്നു. വളരെ നല്ല രീതിയിൽ കുഞ്ഞുങ്ങൾ ചെയ്യാറുണ്ട്. പ്രയാസം നേരിടുന്ന കുട്ടികൾക്ക് അധ്യാപകർ പിന്തുണ നല്കും. എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തും. രസകരമായ ഡയറിക്കുറിപ്പുകൾ ക്ലാസ്സിൽ പങ്കുവെക്കും. [കഴിഞ്ഞ വർഷം

രണ്ടാം ക്ലാസ്സിൽ പഠിച്ചിരുന്ന ഒരു മോൻ എഴുതിയ സംയുക്ത ഡയറി പത്രത്താളുകളിൽ ഇടം പിടിച്ചു, എന്നത് അഭിമാനത്തോടും സന്തോഷത്തോടും കൂടെ ഓർക്കുന്നു.]
സംയുക്ത ഡയറിയുടെ പ്രകാശനം ഫെബ്രുവരി മാസത്തിൽ നടത്തും.

## പാട്ടരങ്ങ് [ജൂൺ മുതൽ മാർച്ച് വരെ]

സംഗീതം എല്ലാവരും ആസ്വദിക്കുന്ന ഒരു കലയാണ്. സംഗീതത്തിന് പഠനത്തിലുള്ള സ്ഥാനം പലപ്പോഴും തിരിച്ചറിയുവാൻ സാധിച്ചിട്ടുണ്ട്.

ഈണം, താളം, ഭാവം, ആശയം ഇവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നതിനും ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നതിനും പാട്ടരങ്ങ് സഹായിക്കുന്നു.

പാട്ടരങ്ങിന്റെ പ്രവർത്തനം SRG യിൽ ചർച്ച ചെയ്ത് തീരുമാനിക്കുന്നു. സെപ്തംബറിൽ ഒരു ഏകദിന ശില്പശാല നടത്തും.

ബാലസഭയിൽ കുട്ടികളുടെ അവതരണം നടത്തും.

## റീഡേഴ്സ് തിയേറ്റർ

ഭാഷയിലെ പഠന മുന്നേറ്റത്തിന് സംഗീതം, ശ്രാവ്യ വായന, ഭാവാത്മക വായന തുടങ്ങിയവ ഫലപ്രദമായി ഉപയോഗിക്കുന്നതിന് റീഡേഴ്സ് തിയേറ്റർ ഉപകരിക്കുന്നു.

എല്ലാ കുട്ടികളെയും പങ്കാളികളാക്കി ആഴ്ചയിൽ ഒരിക്കൽ തെരഞ്ഞെടുത്ത ബാലസാഹി കൃതികൾ, പാഠഭാഗങ്ങൾ എന്നിവ. ഈ റീഡേഴ്സ് തിയേറ്റ രീതി അവതരിപ്പിക്കുന്നു.

മികച്ചവയുടെ അവതരണം ബാലസഭയിലും പഠനോത്സവത്തിലും നടത്തും.

## കുട്ടിപ്പത്രം [ജൂൺ - മാർച്ച്]

ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.
രചനാശേഷി പരിപോഷിപ്പിക്കുന്നു
ദൈനംദിന അനുഭവങ്ങൾ വാർത്താരൂപത്തിൽ എഴുതുന്നു.
പത്രത്തിന്റെ കെട്ടും മട്ടും നിലനിർത്തി തയ്യാറാക്കുക.
പ്രകാശനം - ഫെബ്രുവരി

## രചനോത്സവം / വായനോത്സവം

കൃത്യമായ ഇടവേളകളിൽ രചന, വായന ഉത്സവങ്ങൾ നടത്തുന്നു.
വ്യക്തിഗത രചനകളിൽ നിന്ന് മികച്ചവ പ്രസിദ്ധീകരിക്കുന്നു.
CPTA യുടെ ചുമതലയിൽ ക്ലാസ്സ്തലം സംഘടിപ്പിക്കുന്നു.

## ഭാഷോത്സവം.

ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം നല്കുകയാണ് ലക്ഷ്യം.
സ്വതന്ത്ര രചനക്ക് അവസരം നല്കുന്നു.
ആശയങ്ങളെ / അനുഭവങ്ങളെ സ്വതന്ത്രമായി വ്യത്യസ്ത

വ്യവഹാര രൂപങ്ങളിലൂടെ അവതരിപ്പിക്കുന്നു.

ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കി പഠനോത്സവ സമയത്ത് ഭാഷോത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.

ഗണിതകേളികൾ [ജൂൺ- മാർച്ച്]

കുട്ടികൾക്ക് ഗണിതകേളികളിൽ താല്പര്യമുണ്ടാക്കുന്നതിനും യുക്തിബോധം വളർത്തുന്നതിനും ഗണിത പഠനത്തിൽ താല്പര്യമുണ്ടാക്കുന്നതിനും മറ്റും.

ഗണിതകിറ്റ് [ജൂൺ- മാർച്ച്]

ഗണിതം ആസ്വാദ്യകരമാക്കുന്നതിന്

കളിനോട്ടുകൾ, പുളിങ്കുരു, സ്ട്രോ, , മുത്തുകൾ മുതലായ എന്നിവ കിറ്റിൽ ഉൾപ്പെടുത്തുന്നു.

ലഘുപ്രോജക്ട് (ശാസ്ത്രം - ജൂൺ - മാർച്ച്)

കുട്ടികളിൽ ശാസ്ത്ര ചിന്തയും യുക്തി ചിന്തയും വളർത്തുന്നതിന്.

കുട്ടികൾ നേരിടുന്ന പഠന പ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് നിരീക്ഷണം, താരതമ്യം, വർഗീകരണം, അപഗ്രഥനം എന്നി ഘട്ടങ്ങളിലൂടെ നിഗമനത്തിലെത്തുവാൻ പ്രാപ്തരാക്കുന്നു.

രക്ഷിതാക്കൾക്ക് ശില്പശാല [ജൂൺ, സെപ്തംബർ, ജനുവരി]

പഠനത്തിൽ കുട്ടികളെ ക്രിയാത്മകമായി സഹായിക്കുന്നതിനും പാഠഭാഗങ്ങളും പഠന വസ്തുതകളും സ്വയം തിരിച്ചറിഞ്ഞ് സ്വന്തം കുട്ടികളുടെ പഠനത്തിൽ സഹായിക്കുന്നതിനുമായി രക്ഷിതാക്കൾക്ക് ജൂൺ മാസത്തിൽ ആദ്യത്തെ ശില്പശാല സംഘടിപ്പിക്കുന്നു.

പാഠഭാഗത്തിൽ വരുന്ന വ്യത്യസ്തമായ പ്രവർത്തനങ്ങൾ ചെയ്യേണ്ട വിധവും സംയുക്ത ഡയറിയും സചിത്ര പുസ്തകവും ഗണിതകിറ്റുമൊക്കെ തയ്യാറാക്കുന്നതിൽ

...വബോധമുണ്ടാക്കുന്നു.

## ...ശ്യസ്പർശം [പഠനോത്സവം]

...വിദ്യാഭ്യാസത്തിന്റെ ഏറ്റവും പ്രധാനമായ ലക്ഷ്യ...
...ുത്തും വായനയും നന്നായി ചെയ്യുവാൻ
...പ്തരാക്കുന്നു.
...ദ്യ ജീവിതവുമായി ബന്ധപ്പെട്ട ഗണിത ക്രിയക...
...കളെ പ്രാപ്തരാക്കുന്നു.
...ളിരീതിയിൽ കൂടിയുള്ള പഠനത്തിന് മുന്...
...ന്നു.

## ...ാചരണങ്ങൾ [ജൂൺ - സെപ്തംബർ]

ദിനാചരണങ്ങൾ എന്തിനായി നടത്തുന്നു? അ...
...ധാന്യം? ദിനാചരണങ്ങളുമായി ബന്ധപ്പെട്ട
...ികൾ എന്നിവ മനസ്സിലാക്കുന്നു.

## ...ംഗം / കലോത്സവം

കുട്ടികളിലെ ഭാഷാപ്രകടന ശേഷി, സർഗ...
...യമികവ്, താളം, ഈണം, ഭാവം, ശ്രുതി
...ന് പാടുവാനുള്ള കഴിവ് ഇവ സഭാ...
അവതരിപ്പിക്കുന്നതിനുള്ള കഴിവ് നേടു...
...ായി അവരെ പരിശീലിപ്പിക്കുക.

...ന / സാമൂഹ്യശാസ്ത്ര / പ്രവൃത്തിപരിചയ...

## പാനീയമേള [നവംബർ]

ആഹാരം ആരോഗ്യത്തിന് — ചെറിയ പീടികകളിൽ നിന്നു പോലും ചെറിയ തുകക്ക് കുപ്പികളിലടച്ച പാനീയം ലഭിക്കുന്ന അവസ്ഥയാണ്. ഇവ വിഷം പോലെ വർജ്ജിക്കേണ്ടതാണെന്ന ബോധം നൽകുക. ചെലവ് കുറഞ്ഞ പാനീയങ്ങൾ വീട്ടിൽ തയ്യാറാക്കി നൽകാനുള്ള പരിശീലനം കൂടി നൽകുന്നു

## ഭക്ഷ്യമേള [നവംബർ]

നമ്മുടെ ദൈനംദിന ഭക്ഷണത്തിൽ വ്യത്യസ്ത രുചി, നിറം മണം എന്നിവയുള്ള ഭക്ഷ്യപദാർത്ഥങ്ങൾ ഉൾപ്പെടുത്തി ആരോഗ്യകരമായ ജീവിതം നയിക്കുന്നതിനെപ്പറ്റി ബോധവത്കരിക്കുക.

## പലഹാരമേള [നവംബർ]

പലതരം പലഹാരങ്ങൾ മനസ്സിലാക്കുന്നതിന്
അവ ഉണ്ടാക്കുന്ന വിധം മനസ്സിലാക്കുന്നതിന്
പാചകക്കുറിപ്പുകൾ തയ്യാറാക്കുന്നതിന്

## കായികമേള

വിവിധയിനം കായിക ഇനങ്ങൾ മനസ്സിലാക്കുന്നതിനും
ങ്കെടുക്കുന്നതിനും

## ബോധവത്കരണ ക്ലാസ്സുകൾ [ആഗസ്റ്റ്]

പ്രഭാതഭക്ഷണം കൃത്യമായി കഴിക്കാത്ത കുട്ടിക ളുണ്ട്. അവരുടെ രക്ഷിതാക്കൾക്കായി പ്രാതലി ൻ്റെ പ്രാധാന്യം എന്ന പേരിൽ ഒരു ബോധവത്ക രണ ക്ലാസ്സ്

ലഹരി/മൊബൈൽ എന്നിവക്കെതിരെയും

കുഞ്ഞുങ്ങളിലെ ചില ദുശ്ശീലങ്ങൾക്കെതിരെയും ബോധവൽക്കരണ ക്ലാസ്സ്.

വാത്തികുളം എന്ന കൊച്ചുഗ്രാമത്തിന്റെയും പള്ളിക്കൽ എന്ന കൊച്ചുഗ്രാമത്തിന്റെയും ഇടങ്ങളിലായി വ്യാപിച്ചു കിടക്കുന്ന വാത്തികുളം എൽ.പി.എസിലെ വിദ്യാർത്ഥികളുടെ ഭവനങ്ങൾ ഈ പ്രദേശത്തിന്റെ പരിച്ഛേദമായ ഒരു പങ്കും കുഞ്ഞുങ്ങൾ. നാളെയുടെ വാഗ്ദാനങ്ങളായ ഇവരെ അറിവിലും തൊഴിലിലും നന്മയുള്ളവരാക്കി വളർത്തിയെടുക്കുവാൻ പരിശീലിപ്പിക്കുന്ന ഈ വിദ്യാലയ മുത്തശ്ശിയുടെ മടിയിൽ നിന്നും ഇറങ്ങി നടക്കുമ്പോൾ ജീവിതത്തിൽ പതറാതെ മുന്നോട്ടു പോകുവാൻ ഉയരങ്ങളിലെത്തുവാൻ അവർക്കാകട്ടെ എന്ന ബോധ്യത്തോടെ അക്ഷീണം പ്രയത്നിക്കുവാൻ ഇവിടുത്തെ അധ്യാപകർക്കും ആകട്ടെ....